**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2707** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ആശ്രിത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ അഗ്രി.-ഇ.ബി.3/12/2023 നമ്പർ ഫയലിൽ സഹകരണ വകുപ്പ് നൽകിയ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സഹകരണ വകുപ്പിൽ നിയമനം നൽകുന്നത് ക്ലാസ്സ് III കേഡറിലെ ലോവർ തസ്തികയായ ക്ലർക്ക് തസ്തികയിലാണെന്നും. സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്കായി നിലവിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഒഴിവുകൾ ഒന്നും മാറ്റി വച്ചിട്ടില്ലെന്നുമാണ് കൃഷി വകുപ്പിനു നൽകിയ അഭിപ്രായം |
| (ബി) | 2019-ൽ ഉൾപ്പെടെ പ്രസ്തുത തസ്തികയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയലിൽ നൽകിയ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ആശ്രിത നിയമന പദ്ധതി പ്രകാരം opted district -ൽ നിയമനം ഒഴിവു വരുന്ന മുറയ്ക്ക് മാത്രമേ നൽകാൻ കഴിയുകയുള്ളൂ എന്ന വ്യവസ്ഥയിൽ ശ്രീമതി.രേവതി കൃഷ്ണന് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകാൻ കഴിയുന്നതാണെന്നും സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം സംസ്ഥാന തല നിയമനം ആണെന്നുമാണ് അഭിപ്രായപ്പെട്ടിരുന്നത്. |
| (സി) | അത് പ്രകാരം കൃഷി വകുപ്പിന്റെ അഗ്രി.-ഇ.ബി.3/12/2023 നമ്പർ ഫയലിൽ നൽകിയ അഭിപ്രായം പുനഃപരിശോധിക്കുന്നതിനും അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ആശ്രിത നിയമനത്തിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സാഹചര്യങ്ങൾ വിലയിരുത്തി സഹകരണ സംഘം രജിസ്ട്രാർ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ക്ലറിക്കൽ തസ്തികവരെയുള്ള തസ്തികകളിലെ ഒഴിവുകളിലേക്കാണ് നിയമനത്തിന് അനുമതിനൽകി കൊണ്ടുള്ള ഉത്തരവ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ